# ഹെഡ്മാസ്റ്റേഴ്സ് ഫോറം-മലപ്പുറം ഉപജില്ല

## സന്നാഹം-2020

**ഘട്ടം-1**

### എൽ.എസ്.എസ്.മാതൃക പരീക്ഷ

**രജി:നമ്പർ**

| | | | | | |
|---|---|---|---|---|---|
| | | | | | |

(പേപ്പർ I ) (പാർട്ട്-എ,)

**മലയാളം**

സമയം- $1\frac{1}{2}$ മണിക്കൂർ

ആകെ സ്കോർ : 40

ഉത്തരമെഴുതുക. (സ്കോർ 10x1=10)

1. 'നങ്ങേലി' എന്ന കഥാപാത്രം ഏത് കൃതിയിലെ കഥാപാത്രമാണ്?

   നളിനി ☐ കാവിലെപ്പാട്ട് ☐ പൂതപ്പാട്ട് ☐ അച്ഛനും മകളും ☐

2. താഴെ പറയുന്നതിൽ 'കൈതവം' എന്നവാക്കിന്റെ അർത്ഥമാണ്:

   ഭംഗി ☐ സത്യം ☐ താമര ☐ കള്ളം ☐

3. കൂട്ടത്തിൽ പെടാത്തതാര്?

   കുമാരനാശാൻ ☐ വള്ളത്തോൾ നാരയണ മേനോൻ ☐

   കുഞ്ചൻ നമ്പ്യാർ ☐ ഉള്ളൂർ എസ്.പരമേശ്വരയ്യർ ☐

4. "നാമ്പുണരുന്നത്" എന്ന പദം പിരിച്ചെഴുതിക

   ................................ + .....................................

5. 'പഞ്ചതന്ത്രം' മലയാളത്തിലേക്ക് തർജ്ജമ ചെയ്തതാര്?

   കെ.ആർ.മീര ☐ സുമംഗല ☐ മാധവിക്കുട്ടി ☐ സുഗതകുമാരി ☐

6. ആദ്യത്തെ ജ്ഞാനപീഠം അവാർഡ് ലഭിച്ചത്?

   എം.ടി.വാസുദേവൻ നായർ ☐ ജി.ശങ്കരക്കുറപ്പ് ☐

   അക്കിത്തം ☐ ഒ.എൻ.വി.കുറുപ്പ് ☐

7. വീട് എന്ന പദത്തിന് യോജിച്ച വിശേഷണ പദം

   തളർന്ന ☐ പഴുത്ത ☐ ചെറിയ ☐ മെലിഞ്ഞ ☐

8. "പൊന്നിൻ കതിർക്കുലയേന്തിമെല്ലെ...

   വന്നപോയ് വന്നുപോയ് ചിങ്ങമാസം" ഈ വരികൾ എഴുതിയതാര്?

   ചങ്ങമ്പുഴ ☐ ഇടപ്പള്ളി ☐ ചെറുശ്ശേരി ☐ ഇടശ്ശേരി ☐

9. 'പാൽ' എന്ന വാക്കിന്റെ സമാനാർത്ഥമാണ്

   ദ്രുമം ☐ ദുഗ്ധം ☐ അജിരം ☐ പന്ഥാവ് ☐

10. വഞ്ചിപ്പാട്ടുകളിലെ വൃത്തം ഏത്?

    തരംഗിണി ☐ കാകളി ☐ മഞ്ജരി ☐ നതോന്നത ☐

11. ആസ്വാദന കുറിപ്പ്

**മധുരം മലയാളം**

മധുരം മലയാളം - നമ്മുടെ
ഹൃദയം മലയാളം
മണ്ണിൻ ഗന്ധം മലയാളം
പുഴയുടെ താളം മലയാളം

കിളുന്നു ചുണ്ടുകളാദ്യമോതി
അമ്മ മലയാളം
സ്നേഹത്തിൻ പുതുനാമ്പുകളായി
നമ്മുടെ മലയാളം

കാറ്റിലാടും തെങ്ങോലകളുടെ
താളം മലയാളം
കാട്ടാറിന്റെ കളകളനാദം
നമ്മുടെ മലയാളം

വയലേലകളുടെ വിയർപ്പുഗന്ധം
നമ്മുടെ മലയാളം
പണിശാലകളിലെ നെടുവീർപ്പിന്റെ
താളം മലയാളം - മധുരം മലയാളം

സി.ഇ.രവീന്ദ്രൻ

എ) മലയാളം നമ്മുടെ ജീവനാണ് എന്നു സൂചിപ്പിക്കാൻ കവി ഉപയോഗിച്ച വാക്കേത്? (സ്കോർ-1)

എ) ഹൃദയം (ബി) പുഴ (സി) മണ്ണ്

ബി) അടിയിൽ വരയിട്ട പദത്തിനു പകരം പദം എഴുതുക. (സ്കോർ-1)

സി) കവിതക്ക് ആസ്വാദനക്കുറിപ്പെഴുതുക. (സ്കോർ-3)

12. പത്രവാർത്ത തയ്യാറാക്കുക. (സ്കോർ-3)

പുഴയിൽ കുളിക്കുമ്പോൾ ചുഴിയിൽപെട്ട് മുങ്ങിയ 4 വയസ്സുകാരനെ രക്ഷപ്പെടുത്താൻ പുഴയിലേക്കെടുത്തു ചാടിയ 7-ാം ക്ലാസുകാരി അമ്മുവിനെ അനുമോദിക്കാൻ വിദ്യാലയത്തിൽ യോഗം ചേർന്നു. അതിന്റെ നോട്ടീസാണ് താഴെ നൽകിയിരിക്കുന്നത്.

## കാര്യപരിപാടി

| | | |
|---|---|---|
| സ്വാഗതം | : | ടി. അബു (ഹെഡ്മാസ്റ്റർ) |
| അധ്യക്ഷൻ | : | ടി. യൂസഫ് (പി.ടി.എ. പ്രസിഡന്റ്) |
| ഉദ്ഘാടനവും | : | ശ്രീമതി പി.സുമ |
| ഉപഹാരസമർപ്പണവും | | (പഞ്ചായത്ത് പ്രസിഡന്റ് മണിമല) |
| ആശംസ | : | ടി.കരുണാകരൻ (വാർഡ്മെമ്പർ) |
| | : | പി.ആമിന (എം.ടി.എ. പ്രസിഡന്റ്) |
| നന്ദി | : | ഷറഫുദ്ദീൻ (എസ്.ആർ.ജി കൺവീനർ) |

എ) ഈ അനുമോദന യോഗത്തിന്റെ പത്രവാർത്ത തയ്യാറാക്കുക. (സ്കോർ-3)

ബി) അടിവരയിട്ട പദങ്ങൾ അക്ഷരമാല ക്രമത്തിലെഴുതുക. (സ്കോർ - 2)

# ENGLISH

സ്കോർ : 10

13. Who am I ? (Mark - 1)

You can see me in festival ground

Peaple like me a lot

I have many seats

I have whirly motion

14. Write the One word (Mark - 1)

for father and mother.

15. Decribe the picture. (Mark - 3)



16. Rearrange the words in to meaningful sentence A / appeared / on / smile / his lips / faint. (Mark - 1)

17. Find out the odd one (Mark - 1)

Clap, stamp, tap, feet

18. Complete the conversation (Mark - 3)

Anna ran back home. Her aunt Arunthathi look at her face what happened Anna? Write the conversation between Anna and Arundhathi

Aunt : What happened Anna?

Anna : ............................................................

Auunt : ............................................................

Anna : ............................................................

Aunt : ............................................................

Anna : ............................................................

(പേപ്പർ 1) (പാർട്ട്-സി)

## പൊതുവിജ്ഞാനം

സ്കോർ : 10

19. കേരളത്തിലെ ഏറ്റവും വലിയ താലൂക്കാണല്ലോ ഏറനാട്. എന്നാൽ ഏറ്റവും ചെറിയ താലൂക്ക് ഏത്

നെയ്യാറ്റിൻകര    നെടുമങ്ങാട്    കുന്നത്തൂർ    വർക്കല

20. നമ്മുടെ ദേശീയഗീതം രചിച്ചതാര്?

21. ആനന്ദ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ ആര്?

പി.സി.കുട്ടിക്കൃഷ്ണൻ    അക്കിത്തം

വി.വി.അയ്യപ്പൻ    പി.സച്ചിദാനന്ദൻ

22. ISRO യുടെ ഇപ്പോഴത്തെ ചെയർമാൻ ആര്?

23. 'ഭാരത് രത്ന' അവാർഡ് നേടിയ ഏക കായിക താരം ആര്?

ധ്യാൻചന്ദ്    സച്ചിൻ ടെണ്ടുൽക്കർ

സുനിൽ ഛേത്രി    കപിൽ ദേവ്

24. 2019 ലെ വള്ളത്തോൾ പുരസ്കാരം നേടിയതാര്

25. ലോക ജലദിനം എന്ന്?

മാർച്ച് 20    മാർച്ച് 22    മാർച്ച് 24    മാർച്ച് 26

26. ലോകത്തിലെ ഏറ്റവും വലിയ പക്ഷിപ്രതിമയായ ജഡായുപ്പാറ സ്ഥിതി ചെയ്യുന്നതെവിടെ?

27. കേരള ഹൈക്കോടതി സ്ഥിതി ചെയ്യുന്നതെവിടെ

തിരുവനന്തപുരം    കൊച്ചി    കോഴിക്കോട്    കൊല്ലം

28. കേരളത്തിന്റെ ഔദ്യോഗിക പാനീയം ഏത്?